"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷന് കാനറാ ബാങ്കിൽ ഒരു പുതിയ അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രസ്തുത അക്കൗണ്ടിലേക്ക് ലൈഫ് മിഷന്റെ എസ്.ബി.ഐ ലെ നിലവിലുള്ള അക്കൗണ്ടിൽ നിന്നും സംസ്ഥാന വിഹിതം നൽകുന്നതിനാവശ്യമായ ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1251/2023/LSGD തീയതി,തിരുവനന്തപുരം, 17-06-2023

---

പരാമർശം:- 1 സ.ഉ(സാധാ) നം.743/2023/തസ്വഭവ തീയതി 28/03/2023

2. 25.05.2023-ലെ ലൈഫ് ഫണ്ട് മോണിറ്ററിംഗ് & കോ-ഓർഡിനേഷൻ കമ്മിറ്റി യുടെ തീരുമാനം

3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 02/06/2023 ലെ ലൈഫ് 2020(1186/2023) നമ്പർ കത്ത്

**ഉത്തരവ്**

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് ഹഡ്കോ വായ്പ വിതരണം നടത്തുന്നതിനായി എസ്.ബി.ഐ. യ്ക്ക് ഒപ്പം കാനറാ ബാങ്കിനു കൂടി പങ്കാളിത്തം നൽകുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. ഹഡ്കോയിൽ നിന്നും റൂറൽ സെക്ടറിന് അനുവദിച്ച 1448.34 കോടി വായ്പ തുകയുടെ (സ്കീം നമ്പർ-21463) മൂന്നാം ഗഡു കാനറാ ബാങ്ക് വഴി വിതരണം നടത്തിവരുന്ന സാഹചര്യത്തിൽ, പ്രസ്തുത സ്കീമിലെ ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതം ലൈഫ് മിഷന്റെ എസ്.ബി.ഐ. അക്കൗണ്ടിൽ നിന്നും വിതരണം നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ കാനറാ ബാങ്കിലൂടെ വായ്പ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ സംസ്ഥാന വിഹിതം, ലൈഫ് മിഷൻ കാനറാ ബാങ്കിൽ പുതിയ അക്കൗണ്ട് ആരംഭിച്ച് വിതരണം ചെയ്യുന്നതിനുള്ള അനുമതിക്കായി പരാമർശം 2 ന്റെ അടിസ്ഥാനത്തിൽ

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 3 പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഹഡ്കോയിൽ നിന്നും റൂറൽ സെക്ടറിന് അനുവദിച്ച 1448.34 കോടി വായ്പയുടെ (സ്കീം നമ്പർ-21463) കാനറ ബാങ്ക് വഴി വിതരണം നടത്തിവരുന്ന ഗുണഭോക്താക്കൾക്കുള്ള സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനായി, ലൈഫ് മിഷന് കാനറാ ബാങ്കിൽ ഒരു പുതിയ അക്കൗണ്ട് ആരംഭിക്കുന്നതിനും, പ്രസ്തുത അക്കൗണ്ടിലേക്ക് ലൈഫ് മിഷന്റെ എസ്.ബി.ഐ-ലെ നിലവിലുള്ള അക്കൗണ്ടിൽ നിന്നും സംസ്ഥാന വിഹിതം നൽകുന്നതിനാവശ്യമായ ഫണ്ട് ട്രാൻസ്ഫർ ചെയ്ത് ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ജനറൽ മേനേജർ, കാനറാ ബാങ്ക്, സർക്കിൾ ഓഫീസ്, തിരുവനന്തപുരം

ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , വഴുതക്കാട് , തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 17-06-2023 14:57:17
സെക്ഷൻ ഓഫീസർ